# KERALA POLICE INFORMATION CENTRE

Ph: 0471 2318188    Email: *info.pol@kerala.gov.in*

No.496/PR/PIC/PHQ/15    Date : 30.07.2015

## ഭരണഭാഷാപരിശീലനം നടത്തി

പോലീസ് ആസ്ഥാനത്തെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്കായി ഭരണഭാഷാ പരിശീലന പരിപാടി നടത്തി. മലയാളത്തിൽ ഔദ്യോഗികരേഖകൾ തയ്യാറാക്കുമ്പോഴും ഫയലുകൾ കൈകാര്യം ചെയ്യുമ്പോഴും ഉണ്ടാകുന്ന ഭാഷാപരമായ സംശയങ്ങൾ ദൂരീകരിക്കുന്നതിനും ശരിയായ ഭാഷാപ്രയോഗം ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിട്ടാണ് പരിശീലനം സംഘടിപ്പിച്ചത്. ഭാഷാവിദഗ്ധരായ എഴുമാറ്റൂർ രാജരാജവർമ്മ, ആർ.ശിവകുമാർ എന്നിവർ ക്ലാസുകൾ കൈകാര്യം ചെയ്തു. സാധാരണജനങ്ങൾക്ക് സഹായകമായ രീതിയിൽ, കഴിയുന്നത്ര ഫയലുകളും രേഖകളും മലയാളത്തിൽ തയ്യാറാക്കുന്നതിന് ഈ പരിശീലനം വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നതായി പരിപാടി ഉദ്ഘാടനം ചെയ്ത സംസ്ഥാന പോലീസ് മേധാവി ടി.പി.സെൻകുമാർ പറഞ്ഞു. ജില്ലാതലങ്ങളിലും ഇത്തരമൊരു പരിശീലനം സംഘടിപ്പിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

**************




CONFERENC
"Polite,